# Supply of Indian manufactured vaccines to neighbouring and key partner countries

January 19, 2021

---

## ഇന്ത്യയുടെ അയൽ രാജ്യങ്ങളിലേക്കും പ്രധാന പങ്കാളിത്ത രാജ്യങ്ങളിലേക്കും ഇന്ത്യയിൽ നിർമിച്ച വാക്സിനുകളുടെ വിതരണം

ജനുവരി 19, 2021

1. ഇന്ത്യയിൽ നിർമിച്ച വാക്സിനുകളുടെ വിതരണത്തിനായി അയൽ രാജ്യങ്ങളിൽ നിന്നും പ്രധാന പാണലിത്ത രാജ്യങ്ങളിൽ നിന്നും ധാരാളം അഭ്യർത്ഥനകൾ ഇന്ത്യൻ ഭരണകൂടത്തിന് ലഭിച്ചുവരുന്നുണ്ട്.ഈ അഭ്യർത്ഥനകളുടെ പ്രതികരണം കൂടാതെ കോവിഡ് പകർച്ചവ്യാധിയ്ക്കെതിരെയുള്ള മാനവരാശിയുടെ പോരാട്ടത്തിന് സഹായകമായി വാക്സിൻ ഉത്പാദനവും വിതരണവും ഉപയോഗിക്കുമെന്ന പ്രതിബദ്ധതയുടെ നിർവഹണം എന്ന നിലയിൽ ഭൂട്ടാൻ, മാൽദ്വീപുകൾ, ബംഗ്ലാദേശ് , നേപ്പാൾ , മ്യാൻമർ , സീഷെൽസ് എന്നിവിടങ്ങളിലേക്ക് 2021 ജനുവരി 20 മുതൽ വാക്സിൻ വിതരണം ആരംഭിച്ചു. ശ്രീലങ്ക, അഫ്ഗാനിസ്ഥാൻ കൂടാതെ മൗറീഷ്യസ് എന്നിവിടങ്ങളിലേക്ക് ആവശ്യമായ നിയന്ത്രണങ്ങൾ മറികടക്കുന്നതിന് കാത്തിരിക്കുകയാണ്.

2. ഇന്ത്യയിലും മറ്റു രാജ്യങ്ങളിലും ഈ ഇമ്മ്യൂണൈസേഷൻ പരിപാടി ആദ്യം ആരോഗ്യ പ്രവർത്തകർക്ക്, മുൻനിര പ്രവർത്തകർക്ക് അതിനു ശേഷം ഏറ്റവും അപകടസാധ്യതയുള്ള വ്യക്തികൾക്ക് എന്നിങ്ങനെയാണ് നൽകിവരുന്നത്. പല ഘട്ടങ്ങളിലായി ആവശ്യം വരുന്ന ആഭ്യന്തരമായ അളവുകൾ കണക്കിലെടുത്തുകൊണ്ട് തന്നെയാണ് വരുന്ന ആഴ്ചകളിലും മാസങ്ങളിലുമായി ഘട്ടം ഘട്ടമായി ഇന്ത്യ പങ്കാളിത്ത രാജ്യങ്ങളിലേക്ക് വാക്സിൻ വിതരണം ചെയ്യുന്നത്. ആഭ്യന്തര നിർമാതാക്കളിൽ രാജ്യത്തിനകത്തെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് മതിയായ സ്റ്റോക്ക് ഉണ്ടെന്നും വിദേശങ്ങളിലേക്ക് കയറ്റി അയക്കുന്നതിനൊപ്പം തന്നെ ഉറപ്പു വരുത്തുന്നുണ്ട്.

3. മരുന്ന് നൽകേണ്ടതും അതിന്റെ പ്രവർത്തനവും സംബന്ധിച്ചുള്ള പരിശീലന പരിപാടി മരുന്നുകൾ വിതരണം ചെയ്യുന്നതിന് മുൻപ് 2021 ജനുവരി 19 -20 തിയ്യതികളിലായി സ്വീകരിക്കുന്ന രാജ്യങ്ങളിലെ ഇമ്മ്യൂണൈസേഷൻ മാനേജർമാർ, കോൾഡ് ചെയിൻ ഓഫിസർമാർ, കമ്മ്യൂണിക്കേഷൻ ഓഫിസർമാർ കൂടാതെ ഡാറ്റ മാനേജർമാർ എന്നിവർക്ക് ദേശീയവും പ്രാദേശീയവുമായ തലത്തിൽ നൽകുന്നതാണ്.

4. മുപ് കോവിഡ് പകർച്ചവ്യാധിയോടനുബന്ധിച്ചു നിരവധി രാജ്യങ്ങളിലേക്ക് ഇന്ത്യ ഹൈഡ്രോക്സിക്ളോറോകിന്, റെമഡിസിവിർ, പരാസിറ്റാമോൾ ഗുളികകൾ അത് പോലെ തന്നെ രോഗനിർണയ കിറ്റുകൾ, വെന്റിലേറ്ററുകൾ, മാസ്കുകൾ, ഗ്ലൗസുകൾ മറ്റു ചികിത്സ വസ്തുക്കൾ എന്നിവ വളരെ വലിയ തോതിൽ വിതരണം ചെയ്തിരുന്നു.

5. പാർട്ണർഷിപ്പ്സ് ഫോർ ആക്സിലറേറ്റിങ് ക്ലിനിക്കൽ ട്രയൽസ് (PACT) പ്രോഗ്രാമിന് കീഴിൽ നിരവധി അയൽ രാജ്യങ്ങൾക്കായി ക്ലിനിക്കൽ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനം നൽകിയിരുന്നു. ഇത് കൂടാതെ പങ്കാളിത്ത രാജ്യങ്ങളിലെ ആരോഗ്യ പ്രവർത്തകർ , അഡ്മിനിസ്ട്രേറ്റർമാർ എന്നിവർക്കായി, പകർച്ചവ്യാധിയോടനുബന്ധിച്ച നമ്മുടെ പ്രവർത്തന പരിചയം സൂചിപ്പിച്ചു കൊണ്ട് ഇന്ത്യൻ ടെക്നിക്കൽ ആൻഡ് എക്ണോമിക്കൽ (ITEC) പ്രൊഗ്രാമിന് കീഴിൽ നിരവധി പ്രത്യേകമായ പരിശീലന കോഴ്സുകളും നൽകിയിരുന്നു.

6. തുടർന്ന് വരുന്ന പരിശ്രമങ്ങളുടെ ഭാഗമായി, ഇന്ത്യ ലോകത്തുടനീളമുള്ള രാജ്യങ്ങളിൽ വാക്സിനുകൾ വിതരണം ചെയ്യുന്നത് തുടരുന്നതാണ്. ഇത് GAVI യുടെ വികസ്വര രാജ്യങ്ങൾക്കായുള്ള കോവാക്സ് സൗകര്യം ഉൾപ്പടെ, ആഭ്യന്തര ആവശ്യകതകൾ അന്തർ ദേശീയ ആവശ്യകതകൾ എന്നിവ അനുസരിച്ച് നിർണയിക്കുന്നതായിരിക്കും.

**ന്യൂ ഡൽഹി**

**19 ജനുവരി, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.